പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3014

10.03.2017-ൽ മറുപടിക്ക്

റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.സി.കൃഷ്ണൻ<br>,, ബി.ഡി. ദേവസ്സി<br>,, ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ ആര്യനാട് വില്ലേജിൽ പാലൈക്കോണം ആനന്ദേശ്വരം കടവിൽ കരമനയാറിന്റെ വലതുകരയിൽ സംരക്ഷണ ഭിത്തി നിർമ്മാണം, കുളത്തൂർ പഞ്ചായത്ത് ചാലക്കര കടവിൽ നെയ്യാറിന്റെ ഇടതുകരയിൽ സംരക്ഷണ ഭിത്തി നിർമ്മാണം, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ അറക്കുന്ന് റെയിൽ പാലത്തിന് മുകൾവശവും കീഴ് വശവുമായി നെയ്യാറിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം, തിരുപുറം പഞ്ചായത്തിൽ പനച്ചിക്കാട് പമ്പ് ഹൗസിന് സമീപത്തായി സംരക്ഷണ ഭിത്തി |

| | |
|---|---|
| | തകർന്നതിന്റെ പുനർ നിർമ്മാണം മുതലായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.529/16/റവ തീയതി 28.09.2016 പ്രകാരമുള്ള 'നിമജ്ജനം കടവ് നവീകരണം' പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുള്ളതും, പദ്ധതി പ്രാരംഭ ഘട്ടത്തിലുമാണ്. പാലക്കാട് ജില്ലയിൽ 2015-16 വർഷത്തിൽ അനുമതി ലഭിച്ച 7 പദ്ധതികളിൽ 5 പദ്ധതികൾ പൂർത്തിയാക്കുകയും മറ്റ് രണ്ട് പദ്ധതികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. മറ്റ് ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ലാത്തതാണ്. |
| (ബി) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിന്റെ മാന ദണ്ഡങ്ങൾ എപ്രകാരമാണെന്നും വിശദമാക്കാമോ; | (ബി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002, ചട്ടം 22(3) (A to H) അനുശാസിക്കുന്ന മാന ദണ്ഡങ്ങൾ പ്രകാരമുള്ള പ്രവൃത്തികളാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നത്. കൂടാതെ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ സർക്കാരിന്റെ ഉത്തരവിന് വിധേയമായി RMF വിനിയോഗിക്കാവുന്നതാണ്. |
| (സി) വിവിധ ജില്ലകളിൽ റിവർ മാനേജ് മെന്റ് ഫണ്ട് പ്രകാരം അനുവദിച്ചിട്ടുള്ള തുക വിനി | (സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ 274.86 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നതിൽ നടന്നുവരുന്ന |

| | | |
|---|---|---|
| | യോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | നിർമ്മാണ പ്രവർത്തനങ്ങൾ, റിവർ മാനേജ്മെന്റ് സെൽ ജീവനക്കാരുടെ ശമ്പളം എന്നിവ നൽകുന്നതിനുള്ള തുക കഴിച്ച് 200 ലക്ഷം രൂപാ അക്കൗണ്ടിൽ ഇപ്പോൾ ബാക്കിയുണ്ട്. കൊല്ലം ജില്ലയിൽ RMF-ൽ നിലവിൽ 15,42,94,354/- രൂപയാണുള്ളത്. ടി തുകയിൽ 8 കോടി രൂപ പണി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടുള്ളതും വിവിധ ഘട്ടങ്ങളിൽ പണി നടന്നുവരുന്ന പദ്ധതികൾക്ക് ആവശ്യവുമാണ്. 6,97,60,000/- രൂപ ജില്ലാതല വിദഗ്ധ സമിതിയിൽ നിന്നും SHLC യിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളതും, ഭരണാനുമതി ലഭ്യമായിട്ടില്ലാത്തതുമായ 7 പ്രവർത്തികൾക്ക് ആവശ്യമുള്ളതുമാണ്. |
| (ഡി) | പ്രസ്തുത ഫണ്ട് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും തുക ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ; | (ഡി) നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ